പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1379 — 31.10.2019 -ൽ മറുപടിയ്ക്ക്

## ഒരു പഞ്ചായത്തിന് ഒരു വില്ലേജ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഡി.കെ. മുരളി : | | ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഒരു പഞ്ചായത്തിന് ഒരു വില്ലേജ് എന്ന സംവിധാനമാണോ നിലവിലുള്ളതെന്ന് വിശദമാക്കാമോ; | (എ) | ഒരു പഞ്ചായത്തിന് ഒരു വില്ലേജ് എന്ന സംവിധാനമല്ല നിലവിലുള്ളത്. വിസ്തീർണ്ണം, ജനസംഖ്യ, ഓരോ പ്രദേശത്തിന്റെയും പിന്നോക്കാവസ്ഥ, സംസ്ഥാനത്ത് നിലനിൽക്കുന്ന പഞ്ചായത്ത് ത്രീ ടയർ സിസ്റ്റം, വികസന സാദ്ധ്യത, ജനങ്ങളുടെ യാത്രാസൗകര്യം, ഭൂപ്രകൃതിയനുസരിച്ചുള്ള അതിർത്തികൾ, ജനപ്രതിനിധികളുടെ ആവശ്യം, ഭരണപരമായ സൗകര്യം എന്നിവയാണ് വില്ലേജ് പുന:സംഘടനയ്ക്ക് സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ |
| (ബി) | ഒന്നിൽ കൂടുതൽ പഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന വില്ലേജുകൾ നിലവിലുണ്ടോ; | (ബി) | ഉണ്ട് |
| (സി) | എങ്കിൽ ഒരു പഞ്ചായത്തിന് ഒരു വില്ലേജ് എന്ന രീതിയിൽ ക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | സംസ്ഥാനത്ത് നിലവിലുള്ള മിക്ക വില്ലേജുകളുടെയും പരിധിയിൽ ഒന്നിലധികം ഗ്രാമപഞ്ചായത്ത്/നഗരസഭകളുടെ ഭാഗങ്ങൾ ഉൾക്കൊണ്ടു വരുന്നു. പഞ്ചായത്തുകളുടെ അതിർത്തികളുടെ അടിസ്ഥാനത്തിൽ വില്ലേജുകളുടെ അതിർത്തികൾ പുനർ നിർണ്ണയം ചെയ്യുന്നത് അത്യന്തം ശ്രമകരവും പൊതുജനങ്ങൾക്കും റവന്യൂ ഭരണത്തിന്റെ സുഗമമായ നടത്തിപ്പിനും വളരെയേറെ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതുമാണ്. ആയതിനാൽ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ